# മേപ്പാടി ഗ്രാമപഞ്ചായത്ത്

2026-27

# കരട് ബഡ്ജറ്റ്

## ആമുഖം

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ദർശനവും സംസ്ഥാന സർക്കാരിന്റെ വികസന ലക്ഷ്യങ്ങളും മുൻനിർത്തി മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2026–27 വർഷത്തെ ബഡ്ജറ്റ് ഇവിടെ അവതരിപ്പിക്കപ്പെടുകയാണ്. മുണ്ടക്കൈ, ചൂരൽമല, അട്ടമല പ്രദേശങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളെയും, ജനജീവിതത്തെയും, സാമ്പത്തിക നിലയെയും ഗൌരവമായി ബാധിച്ച മുണ്ടക്കൈ ചൂരൽമല ദുരന്തത്തിന് ശേഷം സർക്കാറും, ത്രിതല സംവിധാനങ്ങളും വിവിധ സാമൂഹിക സന്നദ്ധ സംഘടനകളും, പൊതുജനങ്ങളും വിവിധ ഡിപ്പാർട്ട്മെന്റുകളും ഒന്നിച്ചുനടത്തിയ സന്നദ്ധസേവന പ്രവർത്തനങ്ങൾ മാതൃകാപരമായിരുന്നു. ഒരു പ്രദേശത്ത് അത്യാഹിതം ഉണ്ടാകുന്ന സമയത്ത് എല്ലാം മറന്ന് ഒറ്റക്കെട്ടായി നടത്തിയ പ്രവർത്തനം നാം നേരിട്ട് കണ്ട കാര്യങ്ങളാണ്. ആദ്യഘട്ടത്തിൽ പകച്ചുപോയെങ്കിലും പിന്നീട് എല്ലാം ഉൾക്കൊണ്ട് തുടർ പ്രവർത്തനങ്ങളുമായി എല്ലാവരും കൈകോർത്തു. പല കുടുംബങ്ങളും, വീടുകളും, ഉപജീവനമാർഗ്ഗങ്ങളും നഷ്ടമായ അവസ്ഥയിൽ നിന്നാണ് ഇന്ന് പുഃനർ നിർമ്മാണത്തിന്റെയും, പുഃനർ ജീവനത്തിന്റെയും പാതയിലൂടെ മുന്നേറുന്നത്. സർക്കാറിന്റെ നേതൃത്വത്തിലുള്ള ഒന്നാം ഘട്ട പുനരധിവാസം കൽപ്പറ്റയിൽ ടൌൺഷിപ്പോടുകൂടി യാഥാർത്ഥ്യമായിരിക്കുകയാണ്. കൂടാതെ വിവിധ സംഘടനകളും പുനരധിവാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. മേപ്പാടി ഗ്രാമപഞ്ചായത്തിനെ ചേർത്ത് നിർത്തിയ എല്ലാവരോടും മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ നന്ദിയും, കടപ്പാടും ഈ അവസരത്തിൽ അറിയിക്കുകയാണ്.

സാമ്പത്തിക ശാസ്ത്രീയതയും, സുതാര്യതയും ഉറപ്പാക്കി ലഭ്യമായ വിഭവങ്ങൾ പരമാവധി ജനഹിതത്തിനായി വിനിയോഗിക്കുന്നതിലൂടെ മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ സമഗ്രമായ വികസനമാണ് നാം ലക്ഷ്യമിടുന്നത്. ഭവന നിർമ്മാണം, കുടിവെള്ളം, ആരോഗ്യം, വനിതാ ശിശു ക്ഷേമം, പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെ ഉന്നമനം, ഭിന്നശേഷിക്കാർ, വയോജനങ്ങൾ, യുവജനങ്ങൾ, പശ്ചാത്തലമേഖല, ഉത്പാദനമേഖല തുടങ്ങിയ മേഖലകൾക്ക് പ്രാധാന്യം നൽകിയാണ് മേപ്പാടി ഗ്രാമപഞ്ചായത്ത് മുന്നോട്ട് പോകുന്നത്. നാളിതുവരെ നിങ്ങളേവരും നൽകിയ പിന്തുണയും, സഹകരണവും തുടർന്നും അഭ്യർത്ഥിക്കുന്നു.

പ്രസിഡണ്ട്
റംല ഹംസ
മേപ്പാടി ഗ്രാമപഞ്ചായത്ത്

# <u>ബഡ്ജറ്റ് സമീപനം</u>

*"ഏതൊരു വ്യക്തിക്കും തന്റെയും തന്റെ കുടുംബത്തിന്റെയും ആരോഗ്യത്തിനും സുസ്ഥിരതക്കും അനുയോജ്യമായ ജീവിത നിലവാരം അത്യന്താപേക്ഷിതമാണ്. ആഹാരം , വസ്ത്രം, പാർപ്പിടം, വൈദ്യസഹായം, അടിസ്ഥാന സാമൂഹ്യസേവനങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. അനാരോഗ്യം, വാർദ്ധക്യം, തൊഴിലില്ലായ്മ എന്നിവമൂലം ഉണ്ടാകുന്ന അരക്ഷിതാവസ്ഥക്കെതിരെ പൌരന്മാർക്ക് സംരക്ഷണം നൽകേണ്ടത് രാഷ്ട്രത്തിന്റെ ചുമതലയാണ് "* എന്നതായിരുന്നു ഗാന്ധിജിയുടെ ക്ഷേമരാഷ്ട്ര സങ്കല്പം. അടിച്ചമർത്തലോ ചൂഷണമോ ഇല്ലാതെ ജനങ്ങൾ സ്വച്ഛന്ദം മനുഷ്യാവകാശങ്ങൾ അനുഭവിക്കുന്ന ഒരു വർഗ്ഗരഹിത സാമൂഹ്യ വ്യവസ്ഥിതി വിഭാവനം ചെയ്ത ലോകത്തിലെ എക്കാലത്തെയും രണ്ട് മഹാരഥന്മാരിൽ ഒരാളായിരുന്നു ഗാന്ധിജി...

സ്വന്തം പ്രയത്നം കൊണ്ട് സ്വയം സഹായത്തിലൂടെ, സ്വന്തം കഴിവുകൾ വളർത്തിയെടുക്കുന്നതിലൂടെ വേണം ഗ്രാമീണരെ വികസന പാതയിൽ കൊണ്ടുവരാൻ.... മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ കഴിഞ്ഞ (2025-26) ബഡ്ജറ്റ് നേരിട്ട പ്രധാന വെല്ലുവിളി കേരളത്തിന്റെ എക്കാലത്തെയും പ്രത്യേകിച്ചും മേപ്പാടി പഞ്ചായത്തിന്റെ പൂർണ്ണമായും നഷ്ടപ്പെട്ട 10, 11, 12 വാർഡുകളെ വീണ്ടെടുക്കുക അഥവാ പുഃന സൃഷ്ടിക്കുക എന്നതായിരുന്നു. എന്നാൽ ദീർഘവീക്ഷണവും, നിശ്ചയദാർഢ്യവും കേരളീയരുടെ പകരം വയ്ക്കാനാവാത്ത ഇച്ഛാശക്തിയും, നിരന്തര പ്രയത്നവും കൊണ്ട് 2026 മാർച്ച് ഒന്ന് മുണ്ടക്കൈ ചൂരൽമല പുഃനരധിവാസ പാക്കേജ് ഒന്നാംഘട്ടം സ്വപ്ന സാക്ഷാത്കാരമായി തീർന്നു എന്ന സംതൃപ്തിയോടെ എന്നാൽ ദുരന്ത ബാധിതരുടെ സാമൂഹ്യ സാമ്പത്തികസുരക്ഷ ഉറപ്പാക്കുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്വത്തോടെയാണ് ഈ ഭരണസമിതിയുടെ ആദ്യത്തെ വാർഷിക ബഡ്ജറ്റ് 2026-27 അവതരിപ്പിക്കുന്നത്.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തേതും ഈ ഭരണസമിതിയുടെ ആദ്യത്തെ ബഡ്ജറ്റ് എന്ന നിലക്കും പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യപ്രാപ്തിയും കഴിഞ്ഞ ഭരണസമിതി തുടങ്ങിവെച്ച പദ്ധതികളുടെ തുടർപ്രവർത്തനങ്ങളെയും സംയോജിപ്പിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ നാം ലക്ഷ്യം വയ്ക്കുന്നത്. സമൂഹത്തിലെ സമസ്ത ജനവിഭാഗത്തിന്റെയും

സാമ്പത്തികവളർച്ച, ഉപജീവന സുരക്ഷ, സുസ്ഥിര വികസനം, സാമൂഹ്യനീതി, തുല്യത എന്നിവ ഉറപ്പ് വരുത്തുന്നതോടൊപ്പം പതിനാലാം പഞ്ചവത്സര പദ്ധതിയിലെ പ്രഖ്യാപിത ലക്ഷ്യങ്ങളായിരുന്ന... സാമ്പത്തിക വികസനത്തിന് ഗതിവേഗം നൽകുക, അതിദാരിദ്ര്യ നിർമ്മാർജ്ജനം, സമ്പൂർണ്ണ ഭവന പദ്ധതി, ഡിജി കേരളം , മാലിന്യ മുക്ത കേരളം എന്നിവയിലൂടെ ജീവിത ഗുണമേന്മ വർദ്ധിപ്പിക്കുകയും സന്തോഷകരവും,സംതൃപ്തിയുമുള്ള ജീവിതം നയിക്കുന്നതിന് ജനങ്ങളെ പ്രാപ്തരാക്കുക എന്നതാണ് ആത്യന്തിക ലക്ഷ്യം.

# <u>വാർഷിക ബഡ്ജറ്റ് 2026-27</u>

മേപ്പാടി ഗ്രാമപഞ്ചായത്ത് വാർഷിക ബഡ്ജറ്റ് 2026-27 ആകെ പ്രതീക്ഷിക്കുന്ന വരുമാനം (മുൻബാക്കി ഉൾപ്പെടെ) 54,12,28,845/- രൂപയും, ആകെ പ്രതീക്ഷിക്കുന്ന ചിലവ് 52,49,07,025/- രൂപയും, 16321820/- രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന ബഡ്ജറ്റാണ് ഈ ഭരണസമിതിക്കുവേണ്ടി പ്രസിഡന്റിന്റെയും മറ്റ് ഭരണസമിതി അംഗങ്ങളുടെയും അനുമതിയോടെ ഞാനിവിടെ അവതരിപ്പിക്കുന്നത്....

ഉത്പാദന മേഖല, സേവനമേഖല, പശ്ചാത്തലമേഖല എന്നീ മൂന്ന്തലത്തിലും സാമൂഹ്യനീതി, സമത്വം, പിന്നോക്കവിഭാഗങ്ങളുടെ അർഹമായ പരിഗണന, ജൻഡർ, വയോജന സൌഹൃദവും, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ സംരക്ഷണം എന്നിവ ഉറപ്പാക്കിയാണ് ബഡ്ജറ്റ് 2026-27 വിഭാവനം ചെയ്തിട്ടുള്ളത്.

സാമ്പത്തിക വികസനത്തിന് ഗതിവേഗം നൽകുക എന്ന ലക്ഷ്യത്തോടെ ഉത്പാദനവും, ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ സാധ്യമായ വിളകളെ പ്രോത്സാഹിപ്പിക്കുന്നതിനും, തെങ്ങ് കൃഷി, മൃഗസംരക്ഷണം, ക്ഷീരോത്പാദനം, മത്സ്യകൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും ഉത്പാദന മേഖലക്കായി 2,28,30,000/- രൂപ വകയിരുത്തുന്നു. പതിനാലാം പഞ്ചവത്സര പദ്ധതി അതിന്റെ ലക്ഷ്യപ്രാപ്തിയിലെത്തിയ രണ്ട് പ്രധാന മേഖലകളാണ് സമ്പൂർണ്ണ ഭവനപദ്ധതിയും/ അതിദാരിദ്ര്യനിർമ്മാർജ്ജനവും. ലൈഫ്, പി എം എ വൈ എന്നീ ഭവന പദ്ധതിക്കായി 11,67,70,000 രൂപയും അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി 6,00,00,000/- രൂപയും പദ്ധതിയിൽ വകയിരുത്തുന്നു. സംസ്ഥാന സർക്കാരിന്റെ സാമൂഹ്യക്ഷേമ പദ്ധതികളായ വാർദ്ധക്യപെൻഷൻ, കർഷക പെൻഷൻ, അവിവാഹിത,വിധവകൾ , ഭിന്നശേഷിക്കാർ എന്നിവർക്കുള്ള ക്ഷേമ പെൻഷനു പുറമെ 2026-27 സ്ത്രീ സുരക്ഷാ പദ്ധതിയിലൂടെ ഈ പഞ്ചായത്തിലെ മുവായിരത്തോളം സ്ത്രീകളെ ഇതിനോടകം ഈ പദ്ധതിയുടെ ഭാഗമാക്കി മാറ്റുന്നതിനുള്ള തുടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതികൾക്കായി 11,76,70,000/- രൂപ പദ്ധതിയിൽ വരവ് പ്രതീക്ഷിക്കുന്നു.

സേവനമേഖലയിൽ ഭിന്നശേഷിക്കാർ, വയോജനങ്ങൾ, പാർശ്വവൽക്കരിക്കപ്പെട്ട ജന വിഭാഗങ്ങൾ, വനിതാക്ഷേമം, കുട്ടികൾ എന്നിവരുടെ സാമൂഹ്യസുരക്ഷ, പാലിയേറ്റീവ് പരിചരണം, എല്ലാവർക്കും ആരോഗ്യവും സന്തോഷവും, അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ ബാലസൌഹൃദ അംഗൻവാടികൾക്കും പദ്ധതിയിൽ 3,58,92,225/- രൂപയും, മറ്റ് സേവന മേഖലകളായ വിദ്യാഭ്യാസം, കുടിവെള്ളം, സ്ട്രീറ്റ് ലൈറ്റ്, കല കായികം , സ്വയംതൊഴിൽ, ഡിജി കേരളം, വിജ്ഞാന കേരളം എന്നീ പദ്ധതികളുടെ തുടർ പ്രവർത്തനത്തിനുമായി 2,32,82,000/- രൂപ പദ്ധതിയിൽ വകയിരുത്തുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതി പ്രധാന ലക്ഷ്യങ്ങളായ മാലിന്യമുക്ത കേരളം പദ്ധതിയുടെ സാക്ഷാൽക്കാരത്തിനായി ഉറവിട ഖരമാലിന്യ സംസ്കരണം ഒരു പ്രധാന വെല്ലുവിളിയാണ്. അത് ലക്ഷ്യപ്രാപ്തിയിലെത്തിക്കാനുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റിന് ഈ പദ്ധതി കാലയളവിൽ തുടക്കം കുറിക്കുന്നതിനും ശുചിത്വ മാലിന്യ സംസ്കരണത്തിനുമായി 1,66,47,800/- രൂപ വകയിരുത്തുന്നു.

## അടിസ്ഥാന സൌകര്യ വികസനം

അടിസ്ഥാന സൌകര്യ വികസനത്തിൽ ഗ്രാമീണ റോഡുകൾ, പാലങ്ങൾ, നടപ്പാതകൾ, കെട്ടിടങ്ങൾ, തെരുവ് വിളക്ക്, ഡ്രെയിനേജ് എന്നിവക്ക് പുറമെ എല്ലാവർക്കും ആരോഗ്യവും, ഹാപ്പിനസം എന്ന ലക്ഷ്യ പ്രാപ്തിക്കായി ഫിറ്റ്നസ് സെന്ററും, വയോജനപാർക്കും, കൂടാതെ മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ ഖരമാലിന്യ സംസ്കരണത്തിന് അടിയന്തിരമായി പരിഹാരം കാണുന്നതിനും പശ്ചാത്തലമേഖലയിൽ വകയിരുത്തലോടെ ആകെ ഈ മേഖലക്കായി 6,26,70,000/- രൂപ വകയിരുത്തുന്നു.

## ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (N R E G S)

2026-27 മുതൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സമൂല മാറ്റം സംഭവിച്ചിരിക്കുന്നു. പൂർണ്ണമായും കേന്ദ്രാവിഷ്കൃത പദ്ധതിയായിരുന്നത് 2026-27 സാമ്പത്തിക വർഷം മുതൽ കേന്ദ്ര വിഹിതം വെട്ടിക്കുറച്ച് കേന്ദ്രം, സംസ്ഥാനം 60:40 എന്ന അനുപാതത്തിൽ തത്വത്തിൽ അംഗീകരിച്ചെങ്കിലും നാളിതുവരെ ഫണ്ട് വിഹിതത്തെ കുറിച്ച് വ്യക്തത വരാത്തതിനാൽ 2026-27 സാമ്പത്തിക വർഷം കേന്ദ്രവിഹിതമായി 6,00,00,000/- കോടി രൂപ പദ്ധതിയിൽ വരവ്

പ്രതീക്ഷിച്ചുകൊണ്ട് ഇത് ലേബർ ബഡ്ജറ്റായി പദ്ധതിയിൽ വരവ് പ്രതീക്ഷിച്ചുകൊണ്ടും പ്രതീക്ഷിക്കുന്ന സംസ്ഥാന വിഹിതം മെറ്റീരിയൽ കംമ്പോണന്റിനും ഭരണപരമായ ചിലവുകൾക്കുമായി കണക്കാക്കിയാണ് ഈ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതത്തിൽ വ്യക്തത വരുന്ന മുറക്ക് പദ്ധതിയിൽ മാറ്റം വരുത്താവുന്നതാണ്.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആത്യന്തിക ലക്ഷ്യങ്ങളായിരുന്നു സമ്പൂർണ്ണ ഭവന പദ്ധതി, അതിദാരിദ്ര്യമുക്ത സംസ്ഥാനം, പ്രാദേശിക സാമ്പത്തിക വികസനം, തൊഴിലവസരസൃഷ്ടി, ഡിജി കേരളം, മാലിന്യമുക്ത നവകേരളം എന്നിവ. ദശകങ്ങൾക്ക് മുൻപ് അന്ത്യോദയമെന്ന തത്വം ആവിഷ്കരിച്ചത് മഹാത്മാ ഗാന്ധിയാണ്. ദാരിദ്ര്യ രേഖക്ക് താഴെ നിൽക്കുന്നവരിൽ ഏറ്റവും ദരിദ്രരായ കുടുംബങ്ങളെ കണ്ടുപിടിക്കുകയായിരുന്നു ലക്ഷ്യം. 1977-ൽ രാജസ്ഥാനിൽ ആദ്യമായി ഇതിന് തുടക്കം കുറിച്ചെങ്കിലും നാളിതുവരെ ഇന്ത്യയിൽ ഇത് ലക്ഷ്യപ്രാപ്തിയിലെത്തിയിട്ടില്ല. എന്നാൽ പതിനാലാം പഞ്ചവത്സര പദ്ധതിയിലൂടെ കേരളം ഇന്ത്യയിലെ ആദ്യത്തെ അതിദാരിദ്ര്യ മുക്ത സംസ്ഥാനവും, സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത നേടിയ സംസ്ഥാനവുമായി മാറ്റുന്നതിനും, സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമായ 5 ലക്ഷം വീടുകൾ എന്ന ലക്ഷ്യത്തിലെത്താനും സാധിച്ചത് തദ്ദേശ സ്ഥാപനങ്ങളുടെ കൂട്ടായ പരിശ്രമം ഒന്നുകൊണ്ട് മാത്രമാണ്... എന്നാൽ മാലിന്യമുക്ത നവകേരളം എന്ന സങ്കല്പത്തിനൊപ്പമെത്താനും, പ്രാദേശിക സാമ്പത്തിക വളർച്ചയിലും, തൊഴിലവസരം സൃഷ്ടിക്കുന്നതിനും പ്രാദേശിക ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും, നാം ഇനിയും ബഹുദൂരം മുന്നോട്ട് പോകേണ്ടതുണ്ട്. പ്രാദേശിക സർക്കാരുകളുടെ/തദ്ദേശ സ്ഥാപനങ്ങളുടെ കൂട്ടായ പരിശ്രമവും, പദ്ധതികൾ വിഭാവനം ചെയ്യുന്നതിലെ ദീർഘ ദൃഷ്ടിയും, പ്രായോഗികതയും പരമ പ്രധാനമാണെന്ന ബോധ്യത്തോടെ 2026-27 വാർഷിക ബഡ്ജറ്റ് ഈ ഭരണ സമിതിക്കുവേണ്ടി സമക്ഷം സമർപ്പിക്കുന്നു.

## <u>പ്രതീക്ഷിത വരവുകൾ</u>

| | | |
|---|---|---|
| 1 | നികുതി/ നികുതി ഇതര വരുമാനം | 3,18,63,200 (മൂന്ന്കോടി പതിനെട്ട് ലക്ഷത്തി അറുപത്തിമൂന്നായിരത്തി ഇരുനൂറ്) |
| 2 | ജനറൽ പർപ്പസ് ഫണ്ട് | 3,24,43,000 (മൂന്ന്കോടി ഇരുപത്തിനാല് ലക്ഷത്തി നാൽപത്തി മൂന്നായിരം ) |
| | ആകെ തനത് വരുമാനം | 6,43,06,200 (ആറ് കോടി നാൽപത്തിമൂന്ന് ലക്ഷത്തി ആറായിരത്തി ഇരുനൂറ്) |
| 3 | വികസനഫണ്ട് ജനറൽ | 4,83,54,000 (നാല് കോടി എൺപത്തിമൂന്ന് ലക്ഷത്തി അൻപത്തിനാലായിരം) |
| 4 | വികസനഫണ്ട് എസ് സി പി | 1,22,89,000 (ഒരു കോടി ഇരുപത്തിരണ്ട് ലക്ഷത്തി എണപത്തിഒൻപതിനായിരം) |
| 5 | വികസനഫണ്ട് ടി എസ് പി | 1,09,93,000 (ഒരു കോടി ഒമ്പത് ലക്ഷത്തി തൊണ്ണൂറ്റിമൂന്നായിരം) |
| 6 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2,04,13,000, (രണ്ട് കോടി നാല് ലക്ഷത്തി പതിമൂന്നായിരം) |
| 7 | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 2,88,42,000 (രണ്ട് കോടി എൺപത്തിയെട്ട് ലക്ഷത്തി നാൽപത്തിരണ്ടായിരം) |
| 8 | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 1,18,80,000 (ഒരു കോടി പതിനെട്ട് ലക്ഷത്തി എൺപതിനായിരം) |
| 9 | സാമൂഹ്യ ക്ഷേമ പെൻഷൻ സംസ്ഥാന പദ്ധതി | 11,76,70,000 (പതിനൊന്ന് കോടി എഴുപത്തിയാറ് ലക്ഷത്തി എഴുപതിനായിരം) |
| 10 | NREGS കേന്ദ്രവിഹിതം | 6,00,00,000 (ആറ്കോടി) |
| 11 | ഭവനപദ്ധതികൾക്കായി | 6,44,20,825 (ആറ് കോടിനാൽപത്തിനാല് ലക്ഷത്തിഇരുപതിനായിരത്തി എണ്ണൂറ്റി ഇരുപത്തിയഞ്ച്) |
| 11 | സംയുക്ത പദ്ധതികൾക്കായി | 1,60,36,100 (ഒരു കോടി അറുപത് ലക്ഷത്തി മുപ്പത്തി ആറായിരത്തി ഒരുനൂറ് ) |
| 12 | ശിശുക്ഷേമ പദ്ധതികൾക്കായി | 19,42,405 (പത്തൊൻമ്പത് ലക്ഷത്തി നാൽപ്പത്തിരണ്ടായിരത്തി നാന്നൂറ്റി അഞ്ച് ) |
| 13 | മുൻവർഷത്തെ നീക്കിബാക്കി | 8,40,82,315 (എട്ട്കോടി നാൽപത് ലക്ഷത്തിഎൺപത്തിരണ്ടായിരത്തിമുന്നൂറ്റിപതിനഞ്ച് |
| | **ആകെ പ്രതീക്ഷിക്കുന്ന വരുമാനം** | **54,12,28,845 (അൻപത്തിനാല് കോടി പന്ത്രണ്ട് ലക്ഷത്തി ഇരുപത്തിയെട്ടായിരത്തി എണ്ണൂറ്റിനാൽപ്പത്തിയഞ്ച്)** |

## പ്രതീക്ഷിക്കുന്ന ചിലവുകൾ

| | | |
|---|---|---|
| 1 | ഭരണ ചിലവുകൾ/ ജീവനക്കാര്യം, മറ്റ് അനിവാര്യ ചിലവുകൾ | 4,29,35,000 (നാല് കോടി ഇരുപത്തിയൊൻപത് ലക്ഷത്തി മുപ്പത്തിഅയ്യായിരം) |
| 2 | സാമൂഹ്യ സുരക്ഷ ക്ഷേമ പെൻഷൻ പദ്ധതികൾ (സംസ്ഥാന സർക്കാർ) | 11,76,70,000 (പതിനൊന്ന് കോടി എഴുപത്തിയാറ് ലക്ഷത്തി എഴുപതിനായിരം) |
| 3 | ദാരിദ്ര്യനിർമ്മാർജ്ജനം | 6,00,00,000 (ആറ്കോടി) |
| 4 | പശ്ചാത്തലമേഖല | 6,26,70,000 (ആറ്കോടി ഇരുപത്തിയാറ് ലക്ഷത്തി എഴുപതിനായിരം) |
| 5 | ഉദ്പാദന മേഖല | 2,28,30,000 (രണ്ട് കോടി ഇരുപത്തിയെട്ട് ലക്ഷത്തി മുപ്പതിനായിരം) |
| 6 | പട്ടികജാതി വികസനം | 1,22,89,000 (1 കോടി ഇരുപത്തിരണ്ട് ലക്ഷത്തി എൺപത്തിഒൻപതിനായിരം) |
| 7 | പട്ടികവർഗ്ഗ വികസനം | 1,09,93,000 (ഒരുകോടി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റിമൂന്നായിരം) |
| 8 | സേവന മേഖല | 19,55,20,025 (പത്തൊൻപത് കോടി അൻപത്തിയഞ്ച് ലക്ഷത്തി ഇരുപതിനായിരത്തി ഇരുപത്തിയഞ്ച് ) |

ബഡ്ജറ്റ് 2026-27 മുൻഗണന നൽകിയിട്ടുള്ള പ്രധാന മേഖലകളും അവയുടെ വകയിരുത്തലുകളും

| | | |
|---|---|---|
| 1 | ദാരിദ്ര്യ നിർമ്മാർജ്ജനം | 6,00,00,000 (ആറ് കോടി) |
| 2 | ഭവന നിർമ്മാണ പദ്ധതികൾ | 11,67,70,000 (പതിനൊന്ന് കോടി അറുപത്തിയേഴ് ലക്ഷത്തി എഴുപതിനായിരം) |
| 3 | വിവിധ ജനവിഭാഗങ്ങൾക്കുള്ള സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതികൾ (സംസ്ഥാന സർക്കാർ വിഹിതം) | 11,76,70,000 (പതിനൊന്ന് കോടി എഴുപത്തിയാറ് ലക്ഷത്തി എഴുപതിനായിരം) |
| 4 | പശ്ചാത്തല മേഖലക്കായി | 6,26,70,000 (ആറ് കോടി ഇരുപത്തിയാറ് ലക്ഷത്തി എഴുപതിനായിരം) |
| 5 | ഉത്പാദന മേഖല | 2,28,30,000( രണ്ട് കോടി ഇരുപത്തിയെട്ട് ലക്ഷത്തി മുപ്പതിനായിരം) |
| 6 | പട്ടികജാതി വികസനം | 1,22,89,000 (ഒരു കോടി ഇരുപത്തിരണ്ട് ലക്ഷത്തി എൺപത്തൊൻപതിനായിരം) |
| 7 | പട്ടികവർഗ്ഗ വികസനം | 1,09,93,000 (ഒരു കോടി ഒമ്പത് ലക്ഷത്തി തൊണ്ണൂറ്റിമൂന്നായിരം) |
| 8 | കുട്ടികൾ, ഭിന്നശേഷിക്കാരുടെ ക്ഷേമം | 83,75,000 (എൺപത്തിമൂന്ന് ലക്ഷത്തി എഴുപത്തി അയ്യായിരം) |
| 9 | വൃദ്ധർ, പാലിയേറ്റീവ് കെയർ, അഗതികൾ | 52,00,000 (അൻപത്തിരണ്ട് ലക്ഷം) |
| 10 | കാർഷിക മേഖല | 73,80,000 (എഴുപത്തിമൂന്ന് ലക്ഷത്തി എൺപതിനായിരം) |
| 11 | ആരോഗ്യമേഖല | 87,76,171 (എൺപത്തിയേഴ് ലക്ഷത്തി എഴുപത്തിയാറായിരത്തി ഒരുന്നൂറ്റി എഴുപത്തിയൊന്ന്) |
| 12 | മുണ്ടക്കൈ ദുരന്തബാധിതർക്ക് തൊഴിലിടം/സംരംഭകത്വം | 62,80,000 (അറുപത്തി രണ്ട് ലക്ഷത്തി എൺപതിനായിരം) |
| 13 | വിദ്യാഭ്യാസം,കല,സംസ്കാരം, യുവജനക്ഷേമം | 50,50,000 (അൻപത് ലക്ഷത്തി അൻപതിനായിരം) |
| 14 | വനിതാക്ഷേമം | 68,10,000 (അറുപത്തിയെട്ട് ലക്ഷത്തി പതിനായിരം) |
| 15 | ശുചിത്വമാലിന്യ സംസ്കരണം | 1,66,47,800 (ഒരു കോടി അറുപത്തിയാറ് ലക്ഷത്തി നാൽപത്തിയേഴായിരത്തി എണ്ണൂറ്) |

ആകെ പ്രതീക്ഷിക്കുന്ന ചിലവുകൾ - 52,49,07,025/- (അൻപത്തിരണ്ട് കോടി നാൽപത്തിയൊൻപത് ലക്ഷത്തി ഏഴായിരത്തി ഇരുപത്തിയഞ്ച്) രൂപയും, നീക്കിബാക്കി 1,63,21,820/- (ഒരു കോടി അറുപത്തിമൂന്ന് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി എണ്ണൂറ്റി ഇരുപത് ) രൂപ നീക്കിബാക്കിയും പ്രതീക്ഷിക്കുന്ന ബഡ്ജറ്റാണ് 2026-27 -ൽ വിഭാവനം ചെയ്തിട്ടുള്ളത്.

# Meppadi Grama Panchayat Office
# Form 1

2026-2027 NEW BUDGET

| SN | Head of Accounts | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|
| | **Opening Balance** | **153146024** | **84082315** |
| | **Revenue Receipt - 1** | | |
| | **Tax Revenues - 110** | | |
| 1 | 1100107 Property Tax On Residential Buildings | 5000000 | 5500000 |
| 2 | 1100108 Property Tax On Non-Residential Buildings | 7500000 | 8000000 |
| 3 | 1101001 Profession Tax – Employees | 3500000 | 3800000 |
| 4 | 1101002 Profession Tax - Traders/ Institutions | 900000 | 1000000 |
| | **Total Tax Revenues** | **16900000** | **18300000** |
| | **Fees and User Charges - 140** | | |
| 5 | 1401101 License Fees for IFTEOS | 750000 | 800000 |
| 6 | 1401102 License Fees for Lodge | 1000 | 1200 |
| 7 | 1401103 License Fees under P.P.R ACT | 250000 | 300000 |
| 8 | 1401105 License fee for Domestic Animals | 2000 | 2500 |
| 9 | 1401201 Fees for Construction of Buildings | 3000000 | 3500000 |
| 10 | 1401203 Permit Application fee | 300000 | 350000 |
| 11 | 1401205 Fees for Erection of Telecommunication Tower | 12000 | 12000 |
| 12 | 1401302 Fees for Delayed Registration - Birth & Death | 300 | 300 |
| 13 | 1401304 Fee for Marriage Registration | 25000 | 25000 |

| | | | |
|---|---|---|---|
| 14 | 1401305 Fee for Non Availability Certificate | 100 | 100 |
| 15 | 1401306 Fee for Correction in Registration | 2000 | 2500 |
| 16 | 1401601 Development Charges | 32000 | 35000 |
| 17 | 1401701 Regularization Fees | 2000000 | 2200000 |
| 18 | 1401801 Application Fee | 3000 | 3000 |
| 19 | 1402003 Other Penalities and Fines | 250000 | 250000 |
| 20 | 1402004 Compounding Fee | 55000 | 60000 |
| 21 | 1402005 Fine for Dumping Waste | 50000 | 55000 |
| 22 | 1404002 Notice Fees | 8000 | 8000 |
| 23 | 1404003 Warrant Fees | 250000 | 300000 |
| 24 | 1404004 Ownership Change Fees - Fine | 30000 | 30000 |
| 25 | 1404008 Delayed Registration Fees | 9000 | 10000 |
| 26 | 1404009 Search Fees | 550 | 600 |
| 27 | 1405018 Wastemanagement - User Charges | 5500 | 6000 |
| | **Total Fees and User Charges** | **7035450** | **7951200** |
| | **Sale and Hire Charges - 150** | | |
| 28 | 1501202 Receipts from Sale of Scrap | 10000 | 10000 |
| 29 | 1501203 Receipts from auction of obsolete assets | 50000 | 50000 |
| | **Total Sale and Hire Charges** | **60000** | **60000** |
| | **Revenue Grants, Contributions and Subsidies - 160** | | |
| 30 | 1601010 Fund for Transferred Functions/ Schemes - Pension for Agricultural Workers/ Labourers | 2659200 | 2659200 |
| 31 | 1601012 Fund for Transferred Functions/ Schemes - Widow Pension | 28899000 | 28899000 |
| 32 | 1601013 Fund for Transferred Functions/ Schemes - Pension for Unmarried women aged above 50 | 303600 | 303600 |
| 33 | 1601014 Fund for Transferred Functions/ Schemes - Pension for Differentially Abled | 7247000 | 7247000 |
| 34 | 1601018 Fund for Transferred Functions/ Schemes - Old Age Pension | 48561200 | 48561200 |
| 35 | 1601023 General Purpose Fund | 26397000 | 32443000 |

| | | | |
|---|---|---|---|
| 36 | 1601080 Fund for Transferred Functions/ Schemes - Sthree Suraksha Scheme | 0 | 30000000 |
| | **Total Revenue Grants, Contributions and Subsidies** | **114067000** | **150113000** |
| | **Rental Income - LB Properties - 130** | | |
| 37 | 1301001 Rent from Town Hall | 1000 | 1000 |
| 38 | 1301005 Rent from Conference Hall | 5000 | 6000 |
| 39 | 1301009 Rent from Auditorium and Halls | 40000 | 45000 |
| 40 | 1302003 Rent from Buildings | 5000000 | 5500000 |
| | **Total Rental Income** | **5046000** | **5552000** |
| | **Total Revenue Receipt** | **143108450** | **181976200** |
| | **Capital Receipt - 2** | | |
| | **Grants, Contribution for Specific Purposes - 320** | | |
| 41 | 3201004 Central Finance Commission Grant - Tied | 12248000 | 0 |
| 42 | 3201005 Central Finance Commission Grant - Untied | 8165000 | 20413000 |
| 43 | 3201020 Integrated Child Development Service | 1942405 | 1942405 |
| 44 | 3201044 Mahatma Gandhi National Rural Employment Scheme (MGNREGS) | 72654000 | 60000000 |
| 45 | 3202001 Development Fund - General | 57434000 | 48354000 |
| 46 | 3202002 Development Fund - Special Component Plan | 13165000 | 12289000 |
| 47 | 3202003 Development Fund - Tribal Sub-Plan | 10397000 | 10993000 |
| 48 | 3202009 Maintenance Fund - Road Assets | 33297000 | 28842000 |
| 49 | 3202010 Maintenance Fund - Non-Road Assets | 12602000 | 11880000 |
| 50 | 3202021 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Life Mission | 30000000 | 0 |
| 51 | 3202037 Other Revenue Grants | 5624282 | 0 |
| 52 | 3208010 Beneficiary Contribution | 20523527 | 5380000 |

| | | | |
|---|---|---|---|
| 53 | 3209001 Contribution to Joint Venture Projects from District Panchayat | 9100000 | 4475000 |
| 54 | 3209002 Contribution to Joint Venture Projects from Block Panchayat | 10015976 | 1775000 |
| | **Total Grants, Contribution for Specific Purposes** | **297168190** | **206343405** |
| | **Secured Loans - 330** | | |
| 55 | 3305003 Loan from K.U.R.D.F.C | 0 | 52700000 |
| 56 | 3305004 Loan from HUDCO | 13326489 | 0 |
| | **Total Secured Loans** | **13326489** | **52700000** |
| | **Deposits Received - 340** | | |
| 57 | 3401001 Earnest Money Deposit | 0 | 597826 |
| 58 | 3401002 Security Deposit | 0 | 1475183 |
| 59 | 3401003 Retention | 0 | 1137981 |
| 60 | 3402001 Rent Deposit | 0 | 1740317 |
| 61 | 3402002 Auction Deposit | 0 | 404586 |
| 62 | 3402006 Election Deposit(Candidate) | 0 | 71500 |
| 63 | 3408099 Other deposits received | 0 | 4875938 |
| | **Total Deposits Received** | **0** | **10303331** |
| | **Other Liabilities - 350** | | |
| 64 | 3502002 Recoveries Payable - Kerala Panchayat Employees Provident Fund | 0 | 123594 |
| 65 | 3503019 Value of Stamps and Flags Payable | 29000 | 0 |
| | **Total Other Liabilities** | **29000** | **123594** |
| | **Loans, Advances and Deposits - 460** | | |
| 66 | 4605003 Advance to Implementing Officers | 0 | 500000 |
| 67 | 4605005 Advance to Mahatma Gandhi NREGS/ AUEGS | 0 | 5000000 |
| 68 | 4605099 Advance to Others | 0 | 200000 |
| | **Total Loans, Advances and Deposits** | **0** | **5700000** |
| | **Total Capital Receipt** | **310523679** | **275170330** |

| | | | |
|---|---|---|---|
| | **Revenue Expenditure - 3** | | |
| | **Establishment Expenses - 210** | | |
| 69 | 2101001 Salaries -Secretary | 1000000 | 1200000 |
| 70 | 2101003 Salaries - Permanent Staff | 12500000 | 15000000 |
| 71 | 2101004 Salaries - Contract Staff | 1200000 | 1500000 |
| 72 | 2101005 Salaries - Temporary Staff | 500000 | 600000 |
| 73 | 2101006 Salaries - Full time Contingent Staff | 100000 | 125000 |
| 74 | 2101007 Salaries - Part time Contingent Staff | 200000 | 250000 |
| 75 | 2101101 Wages | 850000 | 1000000 |
| 76 | 2101201 Bonus | 165000 | 200000 |
| 77 | 2102003 Travelling Allowances - Permanent Staff | 200000 | 300000 |
| 78 | 2102008 Other allowances - Permanent Staff | 300000 | 350000 |
| 79 | 2102014 Monthly Honorarium and Sitting Allowance -Councillors/ Members | 3210850 | 4500000 |
| 80 | 2102017 Festival Allowance | 200000 | 250000 |
| 81 | 2102018 Spectacle Allowance | 25000 | 10000 |
| 82 | 2102019 Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and Councillors/ members | 100000 | 125000 |
| 83 | 2103006 Employer's Contribution to NPS - Regular Employees | 0 | 250000 |
| 84 | 2104001 Terminal Leave Surrender | 100000 | 1000000 |
| 85 | 2105001 Remuneration | 50000 | 60000 |
| 86 | 2105099 Other Establishment Expenses | 1500000 | 2000000 |
| | **Total Establishment Expenses** | **22200850** | **28720000** |
| | **Administrative Expenses - 220** | | |
| 87 | 2201102 Water Charges - Office | 50000 | 60000 |
| 88 | 2201105 Water Charges - LB buildings | 50000 | 60000 |
| 89 | 2201199 Other Office Maintenance Expenses | 1200000 | 1500000 |
| 90 | 2201201 Telephone Expenses/ Internet Charges | 106620 | 125000 |

| | | | |
|---|---|---|---|
| 91 | 2201202 Postage Expenses | 150000 | 200000 |
| 92 | 2201299 Miscellaneous Communication Expenses | 250000 | 300000 |
| 93 | 2202001 Books & Periodicals | 100000 | 125000 |
| 94 | 2202101 Printing & Stationery | 550000 | 750000 |
| 95 | 2204001 Insurance | 75000 | 75000 |
| 96 | 2206001 Newspaper Advertisement Charges | 100000 | 125000 |
| 97 | 2206002 Keralolsavam Expenses | 150000 | 150000 |
| 98 | 2208002 Workshops and Seminars | 25000 | 30000 |
| 99 | 2208003 Grama Sabha/ Ward Sabha Expenses | 25000 | 30000 |
| 100 | 2208005 Donations And Contributions As Per Government Order | 50000 | 50000 |
| 101 | 2208099 Miscellaneous Administration Expenses | 225000 | 500000 |
| 102 | 2302001 Water Charges - Street Tap | 25000 | 30000 |
| | **Total Administrative Expenses** | **3131620** | **4110000** |
| | **Operation and Maintenance - 230** | | |
| 103 | 2301001 Electricity Charges for Street Lights | 1150000 | 1200000 |
| 104 | 2301002 Fuel Charges | 300000 | 300000 |
| 105 | 2304001 Vehicle Hire Charges | 360000 | 500000 |
| 106 | 2304099 Other Hire Charges | 100000 | 125000 |
| 107 | 2305001 Repairs & Maintenance - Roads and Pavements | 500000 | 600000 |
| 108 | 2305301 Repairs & Maintenance - Vehicles | 100000 | 125000 |
| 109 | 2305902 Repairs & Maintenance - Office Equipments | 100000 | 125000 |
| 110 | 2308005 Expenses relating to collection of Taxes | 5000 | 5000 |
| 111 | 2308010 Extra - ordinary Expenses | 300000 | 500000 |
| 112 | 2308013 Sanitation Expenses | 600000 | 650000 |
| 113 | 2308201 Refreshment Charges | 250000 | 300000 |
| | **Total Operation and Maintenance** | **3765000** | **4430000** |
| | **Programe Expenses - 250** | | |

| | | | |
|---|---|---|---|
| 114 | 2502001 Expenditure on Poverty Eradication Program | 72654000 | 60000000 |
| 115 | 2502002 Expenses towards Disaster Management Activities | 4000 | 25000 |
| | **Total Programe Expenses** | **72658000** | **60025000** |
| | **Expenses Related to Productive Sector - 251** | | |
| 116 | 2510101 Agriculture - Paddy | 2000000 | 0 |
| 117 | 2510104 Agriculture - Vegetables | 500000 | 0 |
| 118 | 2510112 Agriculture - Pepper | 4163333 | 0 |
| 119 | 2510131 Agriculture Development - Infrastructure Facilities | 50000 | 0 |
| 120 | 2510201 Animal Husbandry - Cow | 7766890 | 0 |
| 121 | 2510205 Animal Husbandry - Poultry | 1079000 | 0 |
| 122 | 2510209 Animal Husbandry - Infrastructure | 2075000 | 0 |
| 123 | 2510210 Animal Husbandry - Disease Control | 75000 | 0 |
| 124 | 2510303 Dairy Development -Machinery and Equipment | 90000 | 0 |
| 125 | 2510305 Dairy Development - Milk Incentives | 2750000 | 0 |
| 126 | 2510404 Inland -Pisciculture | 400000 | 0 |
| 127 | 2510613 Service Enterprises | 150000 | 0 |
| 128 | 2511201 Skill Development | 500000 | 0 |
| | **Total Expenses Related to Productive Sector** | **21599223** | **0** |
| | **Expenses Related to Service Sector - 252** | | |
| 129 | 2520102 Primary Education | 239395 | 0 |
| 130 | 2520107 Education-Related Activities | 1630000 | 0 |
| 131 | 2520111 Contribution towards SSA | 1500000 | 0 |
| 132 | 2520201 Continuing Education | 150000 | 0 |
| 133 | 2520502 Arts,Culture,Sports and Youth Welfare-Infrastructure | 650000 | 0 |
| 134 | 2520503 Arts,Culture,Sports and Youth Welfare-Promotion | 522000 | 0 |

| | | | |
|---|---|---|---|
| 135 | 2520602 Health related Programs | 4340000 | 0 |
| 136 | 2520618 Medical Institution - Allopathy | 2585000 | 0 |
| 137 | 2520619 Medical Institution - Ayurvedic | 2384132 | 0 |
| 138 | 2520620 Medical Institution - Homoeo | 200000 | 0 |
| 139 | 2520701 Drinking Water - Individual | 54230 | 0 |
| 140 | 2520702 Drinking Water - Public | 185000 | 0 |
| 141 | 2520801 Housing & House Electrification - Individual | 101342853 | 0 |
| 142 | 2520901 Special Child Welfare Program | 1050000 | 0 |
| 143 | 2520902 Child Welfare Program | 2202405 | 0 |
| 144 | 2520903 Women Welfare | 30000 | 0 |
| 145 | 2520905 Welfare Programs for the Destitute | 930000 | 0 |
| 146 | 2520906 Welfare Programs for Physically/ Mentally Challenged | 4570000 | 0 |
| 147 | 2520908 Social Security Programme | 125000 | 0 |
| 148 | 2521001 Anganwadi Nutrition | 8580400 | 0 |
| 149 | 2521002 Other Nutrition Distribution Programme | 33000 | 0 |
| 150 | 2521101 Anganwadi Infrastructure | 302017 | 0 |
| 151 | 2521102 Anganwadi Related Services | 30000 | 0 |
| 152 | 2521201 Vocational Capacity Building - Vocational Training | 20000 | 0 |
| 153 | 2521601 Local Government Service Delivery Improvement | 850104 | 0 |
| 154 | 2521602 Payments to IKM | 300000 | 0 |
| 155 | 2521701 Allied Institution Service Delivery Improvement | 550000 | 0 |
| 156 | 2521801 Contribution to Social Security Mission | 100000 | 0 |
| 157 | 2521904 Toilet (Individual) | 2247595 | 0 |
| 158 | 2522201 Disaster Management - Related Services | 1000000 | 0 |
| 159 | 2522304 Solid Waste Management - Classification | 50000 | 0 |
| 160 | 2522305 Solid Waste Management - Collection and Transportation | 500000 | 0 |

| | | | |
|---|---|---|---|
| 161 | 2522310 Solid Waste Management - Disposal | 1600000 | 0 |
| 162 | 2522312 Solid Waste Management - Monitoring | 200000 | 0 |
| 163 | 2522316 Liquid Waste Management - Collection and Transportation | 255000 | 0 |
| 164 | 2522320 Liquid Waste Management - Treatment | 1000000 | 0 |
| 165 | 2523201 Information and Knowledge Dissemination Capacity Development | 100000 | 0 |
| | **Total Expenses Related to Service Sector** | **142408131** | **0** |
| | **Expenses Related to Infrastructure Sector - 253** | | |
| 166 | 2530201 Roads | 994860 | 0 |
| 167 | 2530203 Bridges | 700000 | 0 |
| 168 | 2530204 Culverts | 800000 | 0 |
| 169 | 2530301 Public Buildings - Local Government Office Building | 1040000 | 0 |
| 170 | 2530302 Public Buildings - Other Buildings | 7602579 | 0 |
| 171 | 2530502 Hiring of vehicles for office purposes | 432000 | 0 |
| | **Total Expenses Related to Infrastructure Sector** | **11569439** | **0** |
| | **Expenses related to State Sponsored Schemes - 254** | | |
| 172 | 2540102 Grant in aid to voluntary organisations/ institutions running homes for Differentially Abled | 7247000 | 0 |
| | person | | |
| 173 | 2540109 Housing grant | 42720488 | 0 |
| 174 | 2540111 Programmes/ Expenditures of Transferred Functions/ Schemes - Pension for Agricultural Workers/ Labour | 2659200 | 2659200 |
| 175 | 2540113 Programmes/ Expenditures of Transferred Functions/ Schemes - Widow Pension | 28899000 | 28899000 |
| 176 | 2540114 Programmes/ Expenditures of Transferred Functions/ Schemes - Pension for Unmarried women aged above 50 | 303600 | 303600 |
| 177 | 2540115 Programmes/ Expenditures of Transferred Functions/ Schemes - Pension for Differentially Abled | 0 | 7247000 |

| | | | |
|---|---|---|---|
| 178 | 2540118 Programmes/ Expenditures of Transferred Functions/ Schemes - Old Age Pension | 48561200 | 48561200 |
| 179 | 2540138 Programmes/ Expenditures of Transferred Functions/ Schemes - Sthree Suraksha Scheme | 0 | 30000000 |
| | **Total Expenses related to State Sponsored Schemes** | **130390488** | **117670000** |
| | **Prior Period Items - 280** | | |
| 180 | 2808001 Prior Period Expenses | 200000 | 0 |
| | **Total Prior Period Items** | **200000** | **0** |
| | **Total Revenue Expenditure** | **407922751** | **214955000** |
| | **Capital Expenditure - 4** | | |
| | **Repayment of Secured Loans - 330** | | |
| 181 | 3305002 Loan from Financial Institutions | 13326489 | 0 |
| | **Total Repayment of Secured Loans** | **13326489** | **0** |
| | **Refund of Deposits - 340** | | |
| 182 | 3401001 Earnest Money Deposit | 125000 | 597826 |
| 183 | 3401002 Security Deposit | 400000 | 1475183 |
| 184 | 3401003 Retention | 250000 | 1137981 |
| 185 | 3402001 Rent Deposit | 0 | 1740317 |
| 186 | 3402002 Auction Deposit | 50000 | 404586 |
| 187 | 3402006 Election Deposit(Candidate) | 0 | 71500 |
| 188 | 3408099 Other deposits received | 0 | 4875938 |
| | **Total Refund of Deposits** | **825000** | **10303331** |
| | **Payment of Recoveries - 350** | | |
| 189 | 3501102 Net Salary Payable | 1500000 | 0 |
| 190 | 3501105 Pension and Gratuity Payable | 1000000 | 0 |
| 191 | 3501116 Pension Contribution Payable | 92415 | 0 |
| 192 | 3501122 Leave Salary Payable | 1000000 | 0 |
| 193 | 3501123 Wages/ Honorarium Payable | 500000 | 0 |

| | | | |
|---|---|---|---|
| 194 | 3501301 Employers Liabilities - Pension Contribution (NPS) | 24327 | 0 |
| 195 | 3501303 Employers Liabilities - Pension Contribution | 0 | 0 |
| 196 | 3502001 Recoveries Payable - General Provident Fund | 30000 | 0 |
| 197 | 3502002 Recoveries Payable - Kerala Panchayat Employees Provident Fund | 128594 | 123594 |
| 198 | 3502003 Recoveries Payable - Subscription to Provident Fund for Municipal Regular employees | 8895 | 0 |
| 199 | 3502005 Recoveries Payable - Loan Recovery | 15000 | 0 |
| 200 | 3502008 Recoveries Payable - Co-operative Recovery | 6000 | 0 |
| 201 | 3502009 Recoveries Payable - KSFE Recovery | 5000 | 0 |
| 202 | 3502012 Recoveries Payable - State Life Insurance | 22350 | 0 |
| 203 | 3502013 Recoveries Payable - Group Saving Life Insurance | 12086 | 0 |
| 204 | 3502014 Recoveries Payable - Group Insurance | 15000 | 0 |
| 205 | 3502020 Recoveries Payable - Employee Share NPS | 24327 | 0 |
| 206 | 3502022 Recoveries Payable -Medisep -Regular | 10500 | 0 |
| 207 | 3502024 Recoveries Payable-Other Recoveries from Employees | 5000 | 0 |
| 208 | 3502026 Recoveries Payable - Kerala Construction Workers Welfare Fund | 50000 | 0 |
| 209 | 3502030 Recoveries Payable - House Building Advance | 2503 | 0 |
| 210 | 3502036 Recoveries Payable - Kerala State Backward Development Corporation | 11000 | 0 |
| 211 | 3503001 Government and Other Dues Payable - Library Cess Payable | 300000 | 0 |
| 212 | 3503005 Government and Other Dues Payable-TDS - CGST | 200000 | 0 |

| | | | |
|---|---|---|---|
| 213 | 3503006 Government and Other Dues Payable-TDS - SGST | 200000 | 0 |
| 214 | 3503008 Government and Other Dues Payable - CGST | 650000 | 0 |
| 215 | 3503009 Government and Other Dues Payable - SGST | 400000 | 0 |
| 216 | 3503019 Value of Stamps and Flags Payable | 29000 | 29000 |
| 217 | 3503099 Other Payable | 700000 | 0 |
| 218 | 3504010 Refund Payable - Other Fees | 100000 | 0 |
| 219 | 3504016 Refund Payable - Deposit Works | 100000 | 0 |
| | **Total Payment of Recoveries** | **7141997** | **152594** |
| | **Fixed Assets - 410** | | |
| 220 | 4101008 Public well | 2799000 | 0 |
| 221 | 4102005 Hospital Buildings | 6150000 | 0 |
| 222 | 4102008 School Buildings | 2260605 | 0 |
| 223 | 4102011 Public Comfort Stations | 13128515 | 0 |
| 224 | 4102016 Other Buildings | 6278430 | 0 |
| 225 | 4103001 Concrete Roads | 15107000 | 0 |
| 226 | 4103002 Black Topped Roads | 14000000 | 0 |
| 227 | 4103004 Footpath | 900000 | 0 |
| 228 | 4103008 Bridges | 637308 | 0 |
| 229 | 4103010 Culverts | 250000 | 0 |
| 230 | 4103012 Side Walls | 2417446 | 0 |
| 231 | 4103099 Other Constructions | 2600000 | 0 |
| 232 | 4103102 Drainage | 10624057 | 0 |
| 233 | 4103302 Street Light | 4000000 | 0 |
| 234 | 4104001 Plant & Machinery | 4150000 | 0 |
| 235 | 4106002 Computers, Printers & Peripherals | 756240 | 0 |
| 236 | 4107001 Furniture, Fixtures, Fittings & Electrical | 1000000 | 0 |

| | | | |
|---|---|---|---|
| | Appliances | | |
| 237 | 4108001 Other Fixed Assets | 1121000 | 0 |
| | **Total Fixed Assets** | **88179601** | **0** |
| | **Loans, Advances and Deposits - 460** | | |
| 238 | 4601001 Festival Advance to Employees | 250000 | 0 |
| 239 | 4605005 Advance to Mahatma Gandhi NREGS/ AUEGS | 5000000 | 0 |
| | **Total Loans, Advances and Deposits** | **5250000** | **0** |
| | **Total Capital Expenditure** | **114723087** | **10455925** |
| | **Total Expenditure** | **522645838** | **225410925** |
| | **Total Receipts** | **453632129** | **457146530** |
| | **Balance** | **84132315** | **315817920** |

മേപ്പാടി ഗ്രാമ പഞ്ചായത്ത്.......

പകലന്തിയോളം പാടത്തും പറമ്പിലും പണിയെടുക്കുന്ന കർഷകരുടെയും, കർഷക തൊഴിലാളികളുടെയും, തോട്ടം തൊഴിലാളികളുടെയും നാട്.....നിനച്ചിരിക്കാത്ത നേരത്ത് പ്രകൃതി സംഹാര താണ്ഡവം ആടിയപ്പോൾ ഉറ്റവരേയും ഉടയവരെയും നഷ്ടപ്പെട്ടതിന്റെ വേദനയിൽ ജീവിക്കുന്ന പ്രിയപ്പെട്ടവരുടെ നാട് ........

ഈ നാട് ഇന്ന് ഒരു അതിജീവനത്തിന്റെ മടക്കയാത്രയിലാണ്........

2026–2027 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കേണ്ട പദ്ധതി രേഖ ഊന്നൽ നൽകുന്നതും ഈ ചേർത്ത് പിടിക്കലിനാണ്..

അന്നദാതാക്കൾ ആയ കർഷകർ......

ഭാവിയുടെ വാഗ്ദാനങ്ങൾ ആയ വിദ്യാർത്ഥി വിദ്യാർത്ഥിനികൾ......

സ്ത്രീകൾ കുട്ടികൾ യുവജനങ്ങൾ ...

ജീവിത സായാഹ്നത്തിൽ കഴിയുന്ന വയോജനങ്ങൾ

അംഗപരിമിതർ

പിന്നോക്ക വിഭാഗങ്ങൾ ......

അങ്ങനെ സമസ്ത മേഖലകളിലുള്ളവരെയും പരിഗണിച്ചുകൊണ്ടാണ് ഈ വാർഷിക പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.......

ഈ ബഡ്ജറ്റ് തയ്യാറാക്കുന്നതിന് രാപ്പകൽ അധ്വാനിച്ച പഞ്ചായത്ത് ഭരണനിർവ്വഹണ ഉദ്യോഗസ്ഥർ, ഗ്രാമസഭയിൽ അഭിപ്രായ നിർദേശങ്ങൾ മുന്നോട്ടുവെച്ച വോട്ടർമാർ വികസന സമിതി അംഗങ്ങൾ, കക്ഷിരാഷ്ട്രീയത്തിന് അതീതമായി ഭരണസമിതി അംഗങ്ങൾ അങ്ങനെ എല്ലാവർക്കും നന്ദിയുടെ പൂച്ചെണ്ടുകൾ അർപ്പിച്ചുകൊണ്ട്......2026–27 വാർഷിക ബഡ്ജറ്റ് നടപ്പിലാക്കുന്നതിന് എല്ലാവരുടെയും പരിപൂർണ്ണ പിന്തുണ പ്രതീക്ഷിച്ചുകൊണ്ട്

നല്ലൊരു നാളേക്ക് വേണ്ടി നമുക്ക് കൈകോർക്കാം എന്ന പ്രത്യാശയോടെ ഈ ബഡ്ജറ്റ് സമർപ്പിക്കുന്നു.

ജോൺ മാത
വൈസ് പ്രസിഡണ്ട്

മേപ്പാടി ഗ്രാമ പഞ്ചായത്ത്